പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3915 — 26.06.2013-ൽ മറുപടിക്ക്

അമൃതം ആരോഗ്യം പദ്ധതി

ചോദ്യം	മറുപടി
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : ,, സണ്ണി ജോസഫ് : ,, പി. എ. മാധവൻ : ,, കെ. മുരളീധരൻ :	ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)
(എ) 'അമൃതം ആരോഗ്യം' പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കാമോ ;	(എ) ജീവിതശൈലീ രോഗങ്ങൾ പിടിപെടുന്നതിന് മുമ്പ് തന്നെ അവ തടയുന്നതിനുള്ള ബോധവൽക്കരണം, ഈ രോഗങ്ങൾ ആരംഭ ദിശയിൽ തന്നെ കണ്ടെത്തുന്നതു വഴി രോഗനിയന്ത്രണവും, രോഗം ബാധിച്ചവർക്ക് ചികിത്സയും സൗജന്യ മരുന്നുകളും ഉറപ്പാക്കുന്നതു വഴി ജീവിതശൈലീരോഗങ്ങളെ ഒരു പരിധി വരെ നിയന്ത്രിക്കാനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.
(ബി) ഈ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ;	(ബി) സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി, സി.എച്ച്.സി സ്ഥാപനങ്ങളിലും ആഴ്ചയിൽ ഒരു ദിവസം എൻ.പി.സി.ഡി.സി.എസ് ക്ലിനിക്കും എല്ലാ സി.എച്ച്.സി കളിലും ആഴ്ചയിൽ 6 ദിവസവും പ്രമേഹം, രക്താതിസമ്മർദ്ദം, ഹൃദ്രോഗം എന്നീ രോഗങ്ങളുടെ സ്ക്രീനിംഗ് നടക്കുന്നു. രക്താതിസമ്മർദ്ദം, പ്രമേഹ രോഗികളുടെ ചികിത്സയ്ക്കായി ഒരു വിദഗ്ദ സമിതി ട്രീറ്റ്മെന്റ് പ്രോട്ടോക്കോൾ തയ്യാറാക്കുകയും ഇതിന്റെ കോപ്പി എല്ലാ ഡോക്ടർമാർക്കും എത്തിക്കുകയും ചെയ്തിട്ടുണ്ട്. ട്രീറ്റ്മെന്റ് പ്രോട്ടോക്കോൾ പ്രകാരമുള്ള 12 ഇനം മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി സംഭരിക്കുകയും പി.എച്ച്.സി തലം വരെ എത്തിക്കുകയും ചെയ്തു. [illegible] ഒരു [illegible] സഹായവും സംസ്ഥാന[illegible] തലം വരെ എത്തിച്ചു. ഈ പദ്ധതിയുടെ ഭാഗമായി എൻ.പി.സി.ഡി.സി.എസ് പ്രോഗ്രാം നിലവിലുള്ള ജില്ലാ ആശുപത്രികളിലും ആഴ്ചയിൽ ഒരു ദിവസം പ്രമേഹം, രക്താതിസമ്മർദ്ദം, ഹൃദ്രോഗം എന്നീ രോഗങ്ങൾ ചികിത്സിക്കുന്നതിനുള്ള എൻ.സി.ഡി. ക്ലിനിക് നടപ്പിലാക്കി വരുന്നു. എൻ.പി.സി.ഡി.സി.എസ്. പ്രോഗ്രാം നില

(....2)